# കേരളസർവകലാശാല

നം.പി.ആർ.203/2020 ഫോൺ: 2305738

# പത്രക്കുറിപ്പ്

## പരീക്ഷാ ഫലം

2020 ഫെബ്രുവരി മാസം നടത്തിയ ഒന്നാം വർഷ ബി. ഫാം. (സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷമപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും 27–10–2020 വരെ അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## തിരുത്ത്

16–10–2020 ൽ പ്രസിദ്ധീകരിച്ച ബി.ടെക് മൂന്നാം സെമസ്റ്റർ (2018 സ്കീം ) എന്ന പ്രാക്ടിക്കൽ പരീക്ഷാത്തീയതി (**2008 സ്കീം** ) എന്ന് തിരുത്തിയതായി സർവകലാശാല അറിയിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## മൂന്നാം സെമസ്റ്റർ എൽ.എൽ.ബി പരീക്ഷാ കേന്ദ്രങ്ങൾ തിരഞ്ഞെടുക്കാം

ഒക്ടോബർ 28 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ. എൽ. എൽ.ബി/ ബികോം എൽ.എൽ.ബി / ബി.ബി.എ. എൽ.എൽ.ബി. പരീക്ഷകൾക്ക് കേരളയൂണിവേഴ്സിറ്റിയുടെ കീഴിലെ ശ്രീനാരായണഗുരു കോളേജ് ഒഴികെയുള്ള ആറു ലോ കോളേജുകളും, സെന്റ് മൈക്കിൽസ് കോളേജ് ചേർത്തല, ഗവൺമെന്റ് കോളേജ് നാട്ടകം കോട്ടയം, ഗവൺമെന്റ് കോളേജ് മീഞ്ചന്ത കോഴിക്കോട്, ഗവൺമെന്റ് ട്രെയിനിംഗ് കോളേജ് തലശ്ശേരി എന്നീ നാല് പരീക്ഷാകേന്ദ്രങ്ങൾ കൂടി അനുവദിച്ചിരിക്കുന്നു. പരീക്ഷാകേന്ദ്രങ്ങൾ മാറി തിരഞ്ഞെടുക്കുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രസ്തുത വിവരം അവരവരുടെ കോളേജ് പ്രിൻസിപ്പിൾമാരെ 22–10–2020ന് മുൻപായി അറിയിക്കേണ്ടതാണ്.

## പ്രക്ടിക്കൽ പരീക്ഷാ തീയതി

യൂണിവേഴ്സിറ്റി കോളേജ് ഓഫ് എൻജിനീയറിങ് കാര്യവട്ടത്തെ 2016 അഡ്മിഷൻ (2013 സ്കീം) വിദ്യാർത്ഥികളുടെ എട്ടാം സെമസ്റ്റർ റെഗുലർ ബി.ടെക് പരീക്ഷ, ജൂലൈ 2020 ന്റെ ഭാഗമായുള്ള പ്രാക്ടിക്കൽ പരീക്ഷകൾ, കമ്പ്യൂട്ടർ സയൻസ് ആന്റ് എൻജിനീയറിങ് വിഭാഗത്തിന് ഒക്ടോബർ 20 മുതൽ 22 വരെയും ഇൻഫർമേഷൻ ടെക്നോളജി വിഭാഗത്തിന് ഒക്ടോബർ 21 മുതൽ 22 വരെയും പ്രസ്തുത കോളേജിൽ വച്ച് തന്നെ നടത്തുന്നതാണ്.

## ബി.എഡ്. ഓൺലൈൻ അഡ്മിഷൻ : ഓപ്ഷനുകളിൽ മാറ്റം

ബി.എഡ്. ഓൺലൈൻ അഡ്മിഷൻ പോർട്ടലിൽ കെ.യു.സി.ടി.ഇ കാര്യവട്ടത്തിൽ നിന്നും മലയാളം ഓപ്ഷൻ കെ.യു.സി.ടി.ഇ കുന്നത്തിലേക്കും കെ.യു.സി.ടി.ഇ കുന്നത്തിൽ നിന്നും ഹിന്ദി ഓപ്ഷൻ കെ.യു.സി.ടി.ഇ കാര്യവട്ടത്തിലേക്കും മാറ്റിയിരിക്കുന്നു. മേൽ പറഞ്ഞ കോഴ്സുകൾക്ക് ഓപ്ഷനുകൾ നൽകിയ വിദ്യാർത്ഥികളുടെ പ്രസ്തുത ഓപ്ഷനുകൾ റദ്ദാകുന്നതാണ്. വിദ്യാർത്ഥികൾ പ്രൊഫൈലിൽ വേണ്ട മാറ്റങ്ങൾ ഒക്ടോബർ 27–ാം തീയതി വൈകിട്ട് അഞ്ച് മണിക്ക് മുമ്പായി വരുത്തേണ്ടതാണ്.

**പബ്ലിക്ക് റിലേഷൻസ് ഓഫീസർ**

**തിരുവനന്തപുരം**
**19.10.2020**

e-mail: ku.release@gmail.comwebsite: www.keralauniversity.ac.in University information is available on 0471-2305994, 155300 (BSNL Land line), 0471-155300
(from mobile) 0471-2115054 and 0471-2115098